**പ്രസിദ്ധീകരണത്തിന്**

കേരളത്തിന്റെ സുസ്ഥിരവികസനവും ഭാവിയിലേക്കുള്ള സാമ്പത്തിക-സാമൂഹിക-പാരിസ്ഥിതികവികാസവും ലക്ഷ്യംവച്ചുകൊണ്ടാണ് 'സിൽവർലൈൻ' അതിവേഗറെയിൽപാത തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിർമ്മിക്കാൻ കേരളസർക്കാർ ഉദ്ദേശിക്കുന്നത്.

തുടർച്ചയായുള്ള പ്രളയവും, കോവിഡിന്റെ പലതരം വ്യാപനവും, അതിനെ തുടർന്ന് ബഹുഭൂരിപക്ഷം ജനങ്ങൾക്കും ഉണ്ടായിട്ടുള്ള സാമ്പത്തികാഘാതവും കണക്കിലെടുക്കുമ്പോൾ ഏതുതരം പദ്ധതികൾക്കാണ് സർക്കാർ മുൻതൂക്കം നല്കേണ്ടത് എന്ന് ഈ അവസരത്തിൽ ചിന്തിക്കേണ്ടതാണ്. എന്നാൽ, ഇത്തരം വികസനപദ്ധതികൾ നടപ്പിലാക്കരുത് എന്ന അഭിപ്രായവുമില്ല.

ഗ്രാമീണ-നഗരവ്യത്യാസമില്ലാതെ കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും അത്യാധുനിക ആരോഗ്യസംവിധാനങ്ങളും സർക്കാർസേവനങ്ങളും ഇപ്പോൾ ലഭ്യമാണ്. കൂടുതൽ സൗകര്യങ്ങൾക്കായി സിൽവർലൈൻ ഉപകരിക്കുമെന്നാണ് പറയുന്നത്. ഇപ്പോൾ നന്നായി പ്രവർത്തിച്ചുവരുന്ന ജില്ലാതല ആരോഗ്യസംവിധാനങ്ങൾ വിപുലീകരിക്കുന്നതും മറ്റൊരു തരത്തിലുള്ള വികസനം അല്ലേ? അങ്ങനെയെങ്കിൽ യാത്രകളും സമയനഷ്ടവും ഒഴിവാക്കാവുന്നതുമല്ലേ?

കേരളത്തിന്റെ ഭൂപ്രകൃതിയും ജനസാന്ദ്രതയും അധിവാസമാതൃകയും ഒക്കെ പരിഗണിക്കുമ്പോൾ ഭാവിയിൽ വൻകിടവ്യവസായങ്ങൾ വിവിധ പ്രദേശങ്ങളിൽ നിക്ഷേപിക്കുമെന്നും അവയെ തമ്മിൽ സിൽവർലൈൻ ബന്ധിപ്പിക്കുമെന്നും മറ്റുമുള്ള വാദഗതികളും നിലനില്ക്കണമെന്നില്ല.

സിൽവർലൈൻ വരുമ്പോൾ ജനങ്ങൾ സ്വകാര്യവാഹനം ഉപയോഗിക്കുന്നത് കുറയുകയും അതുവഴി കാർബൺബഹിർഗമനവാതകങ്ങളുടെ കുറവുണ്ടായി അന്തരീക്ഷത്തിലെ കാർബൺ കുറയുമെന്നും മറ്റൊരു വാദമുണ്ട്. എന്നാൽ കൊച്ചി മെട്രോ വന്നതിനുശേഷവും അവിടെ വൻതോതിൽ സ്വകാര്യവാഹനങ്ങൾ വർദ്ധിച്ചു എന്നു മനസ്സിലാക്കുമ്പോൾ അത്തരം വാദങ്ങൾക്കും നിലനില്പില്ലാതാകുന്നു. കൂടാതെ സുസ്ഥിരവികസനം എന്നത്, കാർബൺബഹിർഗമനം കുറയ്ക്കുക എന്നതു മാത്രമല്ല, മറിച്ച് ഭൂപ്രകൃതിയും ജൈവവൈവിധ്യവും സംരക്ഷിക്കുക എന്നതും കൂടിയാണ്. സിൽവർലൈൻ പദ്ധതി നടപ്പിലാക്കുമ്പോൾ അത്തരത്തിലുള്ള ആഘാതം കേരളത്തിന് താങ്ങാൻ പറ്റുന്നതിലും അധികമാണെന്ന് പല ശാസ്ത്ര-പാരിസ്ഥിതികസംഘടനകളും സൂചിപ്പിച്ചുകഴിഞ്ഞു.

സിൽവർലൈൻ പദ്ധതിക്ക് മൊത്തം അറുപത്തിനാലായിരം കോടി രൂപയാണ് ചെലവാകുന്നതെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും, നീതിആയോഗിന്റെ കണക്കുപ്രകാരം ഏകദേശം ഒന്നേകാൽലക്ഷം കോടി രൂപ വേണ്ടിവരും എന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുമൂലം സംസ്ഥാനത്തിന്റെ കടബാദ്ധ്യത സമ്പദ്വ്യവസ്ഥയ്ക്കു താങ്ങാവുന്നതിനപ്പുറം ഗണ്യമായി വർദ്ധിക്കുകയും സർക്കാർ കടക്കെണിയിൽ ആണ്ടുപോകാനുള്ള സാദ്ധ്യതയുമില്ലേ?

മാറുന്നകാലത്തിനനുസരിച്ചുള്ള സാമ്പത്തികവികസനവും അടിസ്ഥാനസൗകര്യവികസനവും അത്യന്താപേക്ഷിതമാണ്. എന്നാൽ സാമ്പത്തികഭദ്രത ഇല്ലാതെയും സാംസ്കാരിക-സാമൂഹികദീർഘവീക്ഷണം ഇല്ലാതെയും സാമ്പത്തികപുരോഗതി മാത്രം ലാക്കാക്കിയുള്ള വികസനം ജനക്ഷേമകരമാവില്ല. നമ്മുടെ ഭൂപ്രകൃതിക്കും സമ്പദ്വ്യവസ്ഥയ്ക്കും സാമൂഹ്യജീവിതത്തിനും സാമ്പത്തികഭദ്രതയ്ക്കും ഉതകുന്നതാവണം ഭാവിവികസനപ്രവർത്തനങ്ങൾ.

വലിയ പദ്ധതികൾ കൊണ്ടുവരുമ്പോൾ ഒരുവിഭാഗം ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാകും എന്നത് വസ്തുതയാണ്. ഈ പദ്ധതിയുടെ പേരിൽ ഭൂമിയും കിടപ്പാടവും നഷ്ടപ്പെടുന്നവരുടെ പ്രതിഷേധങ്ങളെ കണ്ടില്ലെന്നു വയ്ക്കരുത്. ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നതോടൊപ്പംതന്നെ അതുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ ഉയർന്നുവരുന്ന ഭയാശങ്കകൾ ദൂരീകരിച്ച് ജനങ്ങളെ വിശ്വാസത്തിലെടുക്കുക എന്നത് ഒരു സർക്കാരിന്റെ ധാർമ്മികഉത്തരവാദിത്വമാണ്.

പെരുന്ന
30.03.2022

ജി. സുകുമാരൻനായർ
ജനറൽ സെക്രട്ടറി
നായർ സർവീസ് സൊസൈറ്റി